'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## <u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല - മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.ഒ. മാത്യുവിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സാമുവൽ എസ് തോമസിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.738/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/03/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 29.04.2017-ലെ എസ്.സി.15/17/കെഎൽഎം/തസ്വഭവ നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 05.04.2018-ലെ ഡി6-14489/2017 നമ്പർ കുറ്റപത്രം

3 പഞ്ചായത്ത് ഡയറക്ടറുടെ 12.07.2018-ലെ ഡി6 - 14489/2017 നമ്പർ നടപടിക്രമങ്ങൾ

4 സർക്കാരിന്റെ 17.09.2018-ലെ ഇപിബി2/179/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. പി.ഒ. മാത്യു സമർപ്പിച്ച 28.10.2018-ലെ പ്രതിവാദ പത്രിക

## <u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ കലയപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ സർവ്വേ നമ്പർ 373/2-ൽപ്പെട്ട നിലത്തിൽ വാണിജ്യ ആവശ്യത്തിനായി കെട്ടിട നിർമ്മാണം നടത്തുന്നതിന് മൈലം ഗ്രാമപഞ്ചായത്തിൽ നിന്നും അനധികൃതമായി ബിൽഡിംഗ് പെർമിറ്റ് നൽകിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ വാണിജ്യാവശ്യത്തിന് നിലം നികത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് ബന്ധപ്പെട്ട ഫയലിൽ അനുകൂലമായി നോട്ട് എഴുതിയ മൈലം ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്ക് ശ്രീ. എൻ. ജോയിക്കെതിരെയും, നിയമവിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റും കെട്ടിട നമ്പറും അനുവദിച്ച മൈലം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. പി.ഒ. മാത്യുവിനെതിരെയും, ടി ബിൽഡിംഗിൽ സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ ഹോട്ടൽ നടത്തുന്നതിന് ലൈസൻസ് നൽകിയ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. റഹിംകുട്ടിക്കെതിരെയും വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.ഒ. മാത്യുവിനെതിരെ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ഉന്നയിച്ച് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചു.

1. കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ ശ്രീമതി. മായാ രത്നം, മൈലം പി ഒ എന്നയാളുടെ ഉടമസ്ഥതയിലുള്ള കലയപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ 9698 തണ്ടപ്പേരിൽ സർവ്വേ 373/02 നമ്പരിൽ പെട്ട 03 ആർ 12 ച.മീ വിസ്തീർണ്ണമുള്ള നിലത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിന് അനധികൃതമായി ബിൽഡിംഗ് പെർമ്മിറ്റ് നടത്തി.

2. കെട്ടിട നമ്പറിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും നഷ്ടപ്പെടുത്തി.

3. വാസഗൃഹ നിർമ്മാണത്തിന് 170.29 മീറ്റർ സ്ക്വയർ അളവിൽ അനുമതി നൽകി. 105.74 മീറ്റർ സ്ക്വയർ അളവിലുള്ള പൂർത്തീകരണ പ്ലാൻ അനുസരിച്ച് VII 317 D, E, F, G, H, I, J, K എന്നീ നമ്പരുകളിൽ വാണിജ്യാവശ്യ കെട്ടിടങ്ങളായി നികുതി നിർണ്ണയിച്ചിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

4. ടി കെട്ടിടം 2 നിലകളിലായി 351.26 മീറ്റർ സ്ക്വയർ വിസ്തീർണ്ണത്തിൽ പെർമ്മിറ്റിനും നിലവിലെ നിയമങ്ങൾക്കും വിരുദ്ധമായി നിർമ്മാണം നടന്നിട്ടുണ്ട്.

5. ഫയൽ സൂക്ഷ്മതയോടെ പരിശോധിക്കുന്നതിൽ ജാഗ്രത കാട്ടിയില്ല.

ശ്രീ. പി.ഒ. മാത്യുവിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.05.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നേർവിചാരണനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലെന്നും ശ്രീ. പി.ഒ. മാത്യുവിന്റെ ഭാഗത്ത് ഫയലുകളും രേഖകളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിൽ പിഴവ് സംഭവിച്ചിട്ടുള്ളതായി കാണുന്നുവെന്നും ഈ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം (3) പ്രകാരം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവാകുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ഫയലുകളും രേഖകളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിൽ ശ്രീ. പി.ഒ. മാത്യുവിന്റെ ഭാഗത്തുനിന്നും ഗുരുതരമായ പിഴവ് ഉണ്ടായിട്ടുണ്ട് എന്ന് കണ്ടതിനാൽ ശ്രീ. പി.ഒ. മാത്യു സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. പി.ഒ. മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 4 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. പി.ഒ. മാത്യു പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.ഒ. മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 4 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. പി.ഒ. മാത്യുവിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.ഒ. മാത്യുവിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടർ ശ്രീ.സാമുവൽ എസ് തോമസിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

   (പരാമർശം (1), (4), (5) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. പി.ഒ. മാത്യു മുൻ സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/179/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ